Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

വരയാട്, സിംഹവാലൻ കുരങ്ങ്, കാട്ടുപട്ടി, ഈനാംപേച്ചി, മലബാർ വെരുക്, കാട്ടുചുണ്ടെലി, കാട്ടുനച്ചെലി, സിലോൺ നച്ചെലി, നെല്ലെലി തുടങ്ങിയ ഇനം സസ്തനികൾ, ചൂട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ എന്നീ പക്ഷികൾ, 3 ഇനം ഉരഗങ്ങൾ, 11 ഇനം ഉഭയജീവികൾ 9 ഇനം മത്സ്യങ്ങൾ എന്നിവ വംശനാശ ഭീഷണി നേരിടുന്നുണ്ട്. അവയിൽ മലബാർ വെരുക്, ചൂട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ, സിസ്റ്റാറ്റ ഡേ ജെക്കോ എന്ന ഇനം പല്ലി, 11 ഓളം ഇനം തവളകൾ 9 ഇനം മത്സ്യങ്ങൾ എന്നിവ അതീവ വംശനാശഭീഷണി നേരിടുന്നു.

(സി) വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജലസ്രോതസ്സ് സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കും. വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജല സ്രോതസ്സ് സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ ലോക വനദിനമായ മാർച്ച് 21- നോട് അനുബന്ധിച്ച് നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ വനങ്ങളിൽ 300-ൽപ്പരം ബ്രഷ് വുഡ് ചെക്ക്ഡാമുകൾ സ്റ്റാഫിന്റെയും, വാച്ചർമാരുടെയും, പരിസരവാസികളുടെയും സന്നദ്ധ സേവനത്തിലൂടെ നിർമ്മിച്ചിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിന് വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തുമോ?

ഉറപ്പ് വരുത്തും. പങ്കാളിത്ത വനപരിപാലനം, വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, ജന ജാഗ്രതാ സമിതികൾ എന്നിവയിലൂടെ ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്താവുന്നതാണ്.

കൃഷിനാശത്തിന് നഷ്ടപരിഹാരം

150(456) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ട നടപടിക്രമം വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് മുഖേന ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഭൂമിയുടെ കൈവശരേഖ/ കരം അടച്ച രസീത്, ദേശസാത്കൃത ബാങ്ക് പാസ് ബുക്ക്, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവയും സമർപ്പിക്കേണ്ടതാണ്.

(സി) നഷ്ടപരിഹാര തുക നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കാമോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 2/2015/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 5-4-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ വരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷി നാശം ഉണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

പാലാവയലിലെ കൃഷിനാശം തടയാൻ നടപടി

151 (457) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലാവയൽ വില്ലേജിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വരുത്തുന്ന വ്യാപക കൃഷിനാശം തടയാൻ നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇവിടെ ഇലക്ട്രിക് ഫെൻസിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമോ?

സോളാർ ഫെൻസിംഗ് നിലവിലുള്ള സ്ഥലത്ത് അത് നന്നാക്കുകയും, മറ്റു സ്ഥലങ്ങളിൽ പുതിയവ സ്ഥാപിച്ച് കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ചെയ്യുന്നതാണ്.